നാഥാ നീയെനിക്കഭയമീയുലകിൽ
നീയെന്റെ ജീവന്നാധാരം
നീ മതി എനിക്ക് നിൻ കൃപ മതിയെ } 2
നിന്നിലെൻ അടിസ്ഥാനം

ഹാ! രുചിച്ചറിയുക നീ മനമേ നിൻ പരനെ
പ്രാണപ്രിയന്റെ സ്നേഹത്തെ
കരുണയുള്ളോനവനെന്നും തൻ കരത്താൽ } 2
കണ്ണുനീരെല്ലാം തുടയ്ക്കും

പാപ ശാപങ്ങളഖിലവും പോക്കാൻ
പാപിയെന്നെ വീണ്ടെടുപ്പാൻ
അബ്ബാ പിതാവെ എന്നു വിളിക്കുവാൻ } 2
പുത്രത്വം നൽകിയ സ്നേഹം

ഹാ! രുചി....1

നിത്യ സ്നേഹത്താലെന്നെ താൻ സ്നേഹിച്ചു
നിത്യജീവൻ നൽകിടുവാനായ്
എന്നോടുള്ള തന്റെ ദയ വലുതല്ലോ } 2
എൻ പ്രാണനെ രക്ഷിച്ചു സ്തോത്രം

ഹാ! രുചി...1

ആത്മ സ്നേഹിതരെന്നെ തള്ളുകിലും
അപവാദം ചൊല്ലിയെന്നാലും
തള്ളുകയില്ലിനി ഉള്ളം അറിയുന്നോൻ } 2
ഉള്ളംകയ്യിൽ വരച്ച നാഥൻ

ഹാ! രുചി...2